
# ചിമിഴ്



ഡിജിററൽ മാഗസിൻ *2023-24*

LITTLE KITES

**ജി വി എച്ച് എസ് എസ് വലപ്പാട്**

# മുഖമൊഴി

പ്രിയരേ,

വിവരവിനിമയ സാങ്കേതിക വിദ്യ അനുനിമിഷം വളർന്നുകൊണ്ടിരിക്കുകയും അറിവിന്റെ പുതു വാതായനങ്ങൾ പുതിയ തലമുറയ്ക്കു മുന്നിൽ തുറന്നിടുകയും ചെയ്യുമ്പോൾ നമ്മുടെ കുട്ടികൾ ആ സമുദ്രത്തിന്റെ കരയിൽ പകച്ചു നിൽക്കാതെ അതിൽ ഊളിയിട്ട് നീന്തി തിമിർക്കണം. വലപ്പാട് ഗവ.ഹൈസ്ക്കുളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് കുട്ടികളുടെ സർഗാത്മകതയെ ഡിജിറ്റൽ മാധ്യമത്തിൻ്റെ താളുകളിലും ഇടം പിടിപ്പിക്കാനുള്ള എളിയ പരിശ്രമമാണ് ചിമിഴ് എന്ന ഡിജിറ്റൽ മാസികയിലൂടെ നിർവഹിക്കുന്നത്.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ : വിപി വിശ്വനാഥൻ
മിനി കെ എസ്

അംഗങ്ങൾ : ഷഹ്‌മ ഫാത്തിമ
സന
മുഹമ്മദ് റോഷൻ
ശിവജിത്
ധനുഷ്
റയ്ദ്

# സന്ദേശം

വലപ്പാട് ഉപജില്ലയിലെ ഉന്നത നിലവാരം പുലർത്തുന്ന സ്കൂളാണ് GVHSS വലപ്പാട്. അക്കാദമിക നിലവാരത്തിനോടൊപ്പം കലാ കായിക സാഹിത്യ അഭിരുചികൾക്ക് തുല്യ പ്രാധാന്യം കൊടുക്കുന്നതിന് ഇവിടുത്തെ ഓരോ അധ്യാപകരും പ്രത്യകം ശ്രദ്ധ കൊടുക്കാറുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനായുള്ള Little Kite ന്റെ Digital Magazine എന്ന ദൃശ്യ സംരംഭം വളരെയധികം പ്രശംസയർഹിക്കുന്നതാണ്. ഓരോ കുട്ടിയുടെയും സാഹിത്യാഭിരുചി കണ്ടറിഞ്ഞ് വളർത്തി കൊണ്ടുവരാൻ ഡിജിറ്റൽ മാഗസിൻ പോലുള്ള innovative Project കൾക്ക് സാധിക്കും. ഓരോ വിദ്യാർത്ഥിയും വ്യത്യസ്ത കഴിവുകൾ ഒളിപ്പിച്ച് വെച്ചിരിക്കുന്ന ചിപ്പികൾക്ക് സമാനമാണ്. അവരിലെ കഴിവിന്റെ മുത്തുകൾ കണ്ടെത്താൻ ഡിജിറ്റൽ മാഗസിൻ അധ്യാപകർക്ക് വഴിയൊരുക്കട്ടെ...... സാഹിത്യാഭിരുചി വളർത്തുന്നതിനൊപ്പം ആശയാവതരണ ശേഷി വളർത്താനും ഡിജിറ്റൽ മാഗസിനിലൂടെ കഴിയും. ഭാവിയിലെ നല്ല എഴുത്തുകാരെ കണ്ടെത്താനും, പ്രോത്സാഹിപ്പിക്കാനും ഇതിലൂടെ കഴിയട്ടെ .....



**ഷീജ ടി ജി**
**ഹെഡ്മിസ്ട്രസ്**

# ആശംസ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ് വെയർ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.
Gvhss വലപ്പാട് സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബിലെ അംഗങ്ങൾ സ്കൂൾതലത്തിലും സബ്ജില്ലാതലത്തിലും ഐടി സംബന്ധമായ എല്ലാ പ്രവർത്തനങ്ങളിലും വളരെ നല്ല പ്രകടനം കാഴ്ച വയ്ക്കുന്നു..
വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബിലെ അംഗങ്ങളെയും കുട്ടികളെ അതിന് പ്രാപ്തരാക്കിയ  അധ്യാപകരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു..



സുദർശിനി  എ വി
സീനിയർ അധ്യാപിക

# താളുകളിലൂടെ

ആരറിയും ജീവിതം എന്ന സത്യം
സ്നേഹം
സംതൃപ്തിയിലേക്കുള്ള വഴി
എന്റെ വര
കണക്കിലെ കളി
എന്റെ NCC ജീവിതം
ച്യൂട്ട് ...
വേദം
THE POWER OF RESPECT
മെരിസ്റ്റം
പഴഞ്ചൊല്ലുകൾ
കുസൃതി ചോദ്യം
HEY TO SUCCESS



# ആരറിയും ജീവിതം എന്ന സത്യം

ആരറിയും ജീവിതം എന്തെന്ന്.
ഒറ്റക്കടക്കപ്പെട്ടിരുളിൻ മുറിയിൽ ഒറ്റത്തടിയായി വൃദ്ധനുണ്ടേ...
ഇരുളിന്നറയിൽ മൂടിപ്പുതച്ചു കൈ കാലുകളും തണുത്തുറച്ചു.
ആരുമില്ലാരുമില്ല ആരുമില്ല ആരുമില്ല എന്നെ നോക്കിയിടാനുരാളുമില്ല എന്ന ദുഃഖം അടക്കി,
എന്റെ മക്കളെ  എന്നെ ഉപേക്ഷിക്കില്ല എന്ന പ്രതീക്ഷയായിരുന്നു ജീവിതം.
എന്തിനീ ജീവിതം തന്നത് ദൈവമേ എന്നെല്ലാം ചിന്തിച്ച് ഒരു നിമിഷം.
എപ്പോഴും യുവത്വത്തിൽ നിൽക്കില്ലെന്ന് ഓർക്കുക
നിങ്ങളും വൃദ്ധനും വൃദ്ധയാകും,
കൈകാലുകൾ തണുത്തുറയ്ക്കുന്ന നിമിഷം,
നിങ്ങളും ഓർത്തുപോകും,
ജീവിതം എന്തെന്നസത്യം

Aadhila Aazmi
VI A

# <u>സ്നേഹം</u>

മഹാ വികൃതിയായിരുന്നു മിട്ടുമോൻ. ഒരു ദിവസം അവൻ സ്കൂൾ വിട്ട് പോകുമ്പോൾ ഒരു കരച്ചിൽ കേട്ടു. നോക്കിയപ്പോഴാണ് ഒരമ്മാമ്മ വഴിയിൽ വീണു കിടക്കുന്നു. മിട്ടുമോനെ കണ്ടപ്പോൾ ആ അമ്മാമ്മ 'മോനെ ഒന്ന് സഹായിക്കാമോ " എന്ന് ചോദിച്ചെങ്കിലും അവൻ അമ്മാമായെ കളിയാക്കികൊണ്ട് ഓടിപോയി. ആരൊക്കെയോ അമ്മാമയെ താങ്ങിയെണിപ്പിച്ചു. പിന്നീടൊരിക്കൽ ഒരു മഴക്കാലത്തു രാവിലെ മിട്ടുമോൻ സ്കൂളിലേക്ക് തുള്ളിച്ചാടി പോകുമ്പോൾ രാത്രിയിലെ മഴയിലുണ്ടായ വഴുക്കലിൽ ഒറ്റ വീഴ്ച്ച. എണീക്കാൻ പറ്റാതെ കരഞ്ഞ മിട്ടുമോനെ ആരും സഹായിച്ചില്ല. കാരണം എല്ലാവരും സ്കൂളിൽ പോകുന്ന തിരക്കില്ലായിരുന്നു. അപ്പോൾ ആരോ വന്ന് അവനെ പിടിച്ചെഴുന്നേല്പിച്ച് ' കരയേണ്ട മോനെ,, സാരല്യ ' എന്നു പറഞ്ഞു. അവൻ നോക്കിയപ്പോഴാണ് താൻ കളിയാക്കിയ ആ അമ്മാമ. അവൻ സങ്കടം കൊണ്ട് അമ്മാമയെ കെട്ടിപിടിച്ച് കരഞ്ഞു. അമ്മാമ അവന്റെ യൂണിഫോമിലെ അഴുക്കെല്ലാം തുടച്ചു കളഞ്ഞ് ഒരുമ്മ കൊടുത്ത് അവനെ പറഞ്ഞയച്ചു. അമ്മാമയുടെ സ്നേഹം കണ്ടപ്പോൾ മിട്ടുമോന്റെ കണ്ണുനിറഞ്ഞു. ആ സംഭവത്തിന് ശേഷം മിട്ടുമോൻ എല്ലാവരേയും സ്നേഹിക്കുന്ന, സഹായിക്കുന്ന ഒരു നല്ല കുട്ടിയായി മാറി.

**Aaron Francis**



# സംതൃപ്തിയിലേക്കുള്ള വഴി

ബാലകൃഷ്ണൻ ഒരു കഠിനാധ്വാനി ആയിരുന്നു.രാവും പകലും കുടുംബത്തിന് വേണ്ടി പണിയെടുക്കും . എന്നാലും ബാലന് എന്നും കഷ്ടപ്പാട് തന്നെ. ബാലൻ എപ്പോളും നിരാശനായി തന്നെ കാണപ്പെട്ടു . തനിക്ക് സന്തോഷം ഉള്ള കാലം വരില്ല എന്ന് ബാലൻ വിശ്വസിച്ചു .രണ്ടു മക്കളും ഭാര്യയും അടങ്ങുന്നതാണ് ബാലൻ്റെ കൊച്ചു കുടുംബം. അന്നും വളരെ വൈകിയാണ് ബാലൻ പണി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങിയത്.ഇരുട്ടിൽ, ഏതോ ചിന്തയിൽ മുഴുകി തല കുമ്പിട്ടു തെരുവിലൂടെ ബാലൻ വീട്ടിലേക്ക് പോവുകയാണ്. കുറച് നേരമായി എവിടെയോ കുഞ്ഞുങ്ങളുടെ ആഹ്ലാദ ചിരി കേൾക്കുന്നു. അത് അടുത്ത് അടുത്ത് വരുന്നുണ്ട്. ഈ തെരുവിൽ ആർക്കാണ് സ്വന്തം മക്കളെ ഇത്ര സന്തോഷിപ്പിക്കാൻ കഴിയുന്നത്. അത് അറിഞ്ഞിട്ടു തന്നെ കാര്യം. ബാലൻ ഉറപ്പിച്ചു. പഴകി കീറിയ തുണി കൊണ്ടു മറച്ച ആ കൊച്ചു കൂരയിലേക്ക് ബാലൻ ഒന്ന് നോക്കി. കാണാൻ അത്ര ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല. ആ തുണി ആകെ കീറി യിരുന്നു.കാഴ്ച ബാലൻ്റെ മനം കുളിർപ്പിച്ചു. ഒപ്പം അദ്ഭുതവും തോന്നി. പകൽ തെരുവിൽ ഇരുന്ന് പൂമാല വിൽക്കുന്ന സ്ത്രീ അവരുടെ രോഗിയായ ഭർത്താവ് രണ്ടു മക്കൾ സന്തോഷത്തോടെ ഭക്ഷണം കഴിക്കുന്നു. അവർക്ക് പൂ വിറ്റു കിട്ടുന്ന നിസ്സാര പൈസ കൊണ്ടു എത്ര സന്തോഷത്തോടെയാണ് അവരുടെ കുടുംബം ജീവിക്കുന്നത്. തനിക്ക് എന്തെ അതിനു കഴിയുന്നില്ല.നിന്നിടത്ത് തന്നെ ബാലൻ കുറച്ച് നേരം ആലോചിച്ചു നിന്നു. പിന്നെ എന്തോ ദൃഢ നിശ്ചയം എടുത്ത പോലെ തല ഉയർത്തി പിടിച്ച് കൈ രണ്ടു വീശി ഉറച്ച ചുവടോടെ ബാലൻ വീട്ടിലേക്ക്. നടന്നു. അന്ന് രാത്രി പുതിയ ഒരു മനുഷ്യനെ യാണ് ബലനിൽ അവൻ്റെ കുടുംബത്തിന് കാണാൻ കഴിഞ്ഞത്.

Anay Krishna
7B

# എന്റെ വര



ANAMIKA V R
8A

# കണക്കിലെ കളി

☆ ഒരു ചതുരത്തിൽ നിന്നും ഒരു മൂല വെട്ടിമാറ്റിയാൽ ബാക്കി എത്ര മൂലയുണ്ടാകും?

ഉത്തരം. 5 മൂലകൾ

☆ ഒരേ സംഖ്യ 3 പ്രാവശ്യം ഉപയോഗിച്ചാണ് 8+8+8 = 24 കിട്ടിയത് മറ്റൊരു ആക്കം മൂന്ന് പ്രാവശ്യം ഉപയോഗിച്ചാലും 24 കിട്ടും സംഖ്യ ഏതെന്ന് കണ്ടുപിടിക്കുക

ഉത്തരം. 22+2= 24

☆ ഏതു രണ്ടു പൂർണ സംഖ്യകൾ ഗുണിച്ചാൽ ആണ് 7 കിട്ടുന്നത്

ഉത്തരം. 1x 7= 7

☆ 1, 2,3 എന്നീ ആക്കങ്ങൾ ആവർത്തിക്കാതെ എത്ര മൂന്നക്ക സംഖ്യകൾ ഉണ്ടാകാം ?

ഉത്തരം. 6 തവണ

123 213 321
132 231 312

☆ഗുണിക്കുമ്പോൾ കൊലയാളി കൂട്ടുമ്പോൾ നിഷ്ക്രിയൻ ?

ഉത്തരം.0

☆ഒന്നിനും നൂറിൽ ഇടയിൽ എത്ര 9 ഉണ്ട് ?

ഉത്തരം. 20 ഒമ്പത്

☆ മുക്കാൽ രൂപയിൽ നിന്നും മുക്കാൽ പോയാൽ ബാക്കി എത്ര ?

ഉത്തരം. 1 ഒന്ന്

**രാം ശങ്കരൻ**
8 A

# എന്റെ NCC ജീവിതം

. എൻ.സി.സി യിൽ ചേർന്നിട്ട് രണ്ട് വർഷം കഴിഞ്ഞു. എത്ര വേഗത്തിലാണ് രണ്ട് വർഷം പോയതെന്ന് അറിയില്ല.ഈ രണ്ട് വർഷത്തിനിടയിൽ മറക്കാനാവാത്ത ഒരുപാട് അനുഭവങ്ങൾ ഉണ്ടായി. സ്കൂളിലെ പരേഡുകൾ, അതിനിടയിൽ കിട്ടുന്ന punishment കൾ, CATC ക്യാമ്പ്, ക്യാമ്പിലെ കൂട്ടുകാർ, സീനിയേഴ്സ്, ANO's, PI സ്റ്റാഫുകൾ പ്രത്യേകിച്ചും സെൽവം സാബ്, പ്രമോദ് സിംഗ് സാബ്, നിനേഷ് സാബ്, അനീഷ് സാബ്, ഗുൽസർ സാബ് ഇവരെയൊന്നും ജീവിതത്തിൽ ഒരിക്കലും മറക്കില്ല. Fall in വിളിച്ചാൽ കേഡറ്റ്സ് ആദ്യം ചോദിക്കുക 'ഇന്ന് സെൽവം സാബ് ആണോ?? ' എന്നാണ് കാരണം ആൺകുട്ടികളുടെയെല്ലാം ഒരു പേടിസ്വപ്നം തന്നെയാണ് സെൽവം സാബ്. എന്നാൽ പെൺകുട്ടികളെ സാബ് നന്നായി respect ചെയ്യുമായിരുന്നു.സാബ് ആദ്യം വന്നപ്പോൾ ഞങ്ങളെയെല്ലാം 'sister' എന്നാണ് വിളിച്ചിരുന്നത്. പിന്നെ പ്രമോദ് സാബാണെങ്കിൽ ഞങ്ങൾ എന്ത് പറഞ്ഞാലും 'good,very good' എന്ന് പറയും. അത് കേൾക്കാൻ തന്നെ നല്ല രസമാണ്. പിന്നെ ഞങ്ങളുടെ Ex-senior's ആയ അതുൽ സീനിയർ, ദേവി സീനിയർ, അവരായിരുന്നു എന്റെ റോൾ മോഡൽ. ജൂനിയർ ആയിരുന്നപ്പോൾ അവരെപ്പോലെ യൂണിഫോം ഇട്ട് ആ വരാന്തയിലൂടെ കെയ്നും പിടിച്ച് ഗമയിൽ നടക്കണമെന്നുണ്ടായിരുന്നു. അതുപോലെതന്നെ എനിക്കും സീനിയർ ആവാൻ പറ്റി.പിന്നെ ഞങ്ങളുടെ ജൂനിയേഴ്സ്,, അവരോട് ചില സന്ദർഭങ്ങളിൽ വളരെ ദേഷ്യത്തോട് പെരുമാറിയിട്ടുണ്ടെങ്കിലും അവർ അതെല്ലാം മറന്ന് സ്നേഹത്തോടെയാണ് എപ്പോഴും എന്നോട് പെരുമാറിയിരുന്നത്. പിന്നെ എന്റെ batchലെ കേഡറ്റ്സ്, അവരും എല്ലാ കാര്യങ്ങൾക്കും ഒപ്പം ഉണ്ടായിരുന്നു. അവർ തന്നെയാണ് ഞങ്ങൾ സീനിയേഴ്സിന്റെ വിജയം.

. Adhil, Femina, Shadhil, Ahmmed, അവരെല്ലാം എൻ.സി.സി യ്ക്കുവേണ്ടി ഒരുപാട് പ്രയത്നിച്ചവരാണ്. ആദിലിനെക്കുറിച്ച് എടുത്തുപറയാതിരിക്കാൻ സാധിക്കില്ല കാരണം NCC എന്താണെന്ന് എനിക്ക് പഠിപ്പിച്ചുതന്നത് ആദിലാണ്. പരേഡ് കഴിഞ്ഞ് സമയം കിട്ടുമ്പോഴെല്ലാം ആദിൽ ക്യാമ്പിലെ വിശേഷങ്ങളെല്ലാം എനിക്ക് പറഞ്ഞുതരുമായിരുന്നു.ഫെമിനയാണെ ങ്കിൽ ഞാൻ എന്ത് പരിപാടിക്ക് പങ്കെടുക്കാൻ വിളിച്ചാലും കൂട്ടക്ക് കൂടെയുണ്ടാവും. ഷാദിലും അഹമ്മദും NCC യുടെ എന്ത് work ന് വിളിച്ചാലും ഓടിയെത്തും. NCC യ്ക്കുവേണ്ടി പ്രയത്നിച്ച ഇവർ വലപ്പാട് യൂണിറ്റിന്റെ അഭിമാനതാരങ്ങളാണ്. ഈ രണ്ട് വർഷത്തിനിടയ്ക്ക് കിട്ടിയ കൂട്ടുകാരിൽ ഏറ്റവും നല്ല കൂട്ടുകാരായിരുന്നു ഇവർ. എന്റെ ശരികളെ പ്രോത്സാഹിപ്പിക്കുകയും തെറ്റുകളെ എതിർക്കുകയും ചെയ്യു ഇവർ എന്നും

എന്റെ മനസിലുണ്ടാവും.

ഞങ്ങളുടെ ഓരോ വിജയത്തിനു പിന്നിലും പ്രവർത്തിച്ച ബേബി ടീച്ചറെ പറയാതിരിക്കാൻ സാധിക്കില്ല. ടീച്ചറാണ് ഞങ്ങളെ ശരിക്കും അച്ചടക്കമുള്ള വിദ്യാർത്ഥികളാക്കിയത്. ബേബി ടീച്ചർ ഞങ്ങൾക്ക് ഒരു ടീച്ചർ മാത്രമായിരുന്നില്ല ഒരു അമ്മയെപ്പോലെ ആയിരുന്നു.

. ഒരിക്കൽ കൂടി 'സീനിയറേ' എന്ന വിളി കേൾക്കാനും, ജൂനിയേഴ്സിനോട് " HOW'S THE GOLDEN JOSH " എന്ന് ചോദിക്കാനും, ഒരിക്കൽ കൂടി ആ യൂണിഫോം ഇട്ട് കമാൻഡ് പറയാനും, നീണ്ട പത്ത് ദിവസത്തെ ക്യാമ്പിന് പോകാനുമെല്ലാം ആഗ്രഹമുണ്ടെങ്കിലും, അതെല്ലാം ഓർമ്മകൾ മാത്രം...!!

. ഇന്ന് മറക്കാൻ പ്രയാസമുള്ളതെല്ലാം ഓർമ്മിക്കാൻ മധുരമുള്ളതായിരിക്കുമല്ലോ.

മധുരിക്കും ഓർമ്മകൾ എനിക്ക് സമ്മാനിച്ച എല്ലാവർക്കും,

. നന്ദി

. JAI HIND

.

SGT AVANI. P. R
2022-23



# ചൂട്ട് .....

ഓലക്കുടി ചൂട്ടിൽ നിന്നും തീയിച്ചകളെ പറപ്പിച്ച് കനാലിന്റെ വഴിയിലേയ്ക്ക് ഉള്ളവരമ്പിൽ കാലുറപ്പിച്ചതും പിന്നിൽ നിന്ന് ഒരു

മറുപടിയായി നീട്ടിയൊന്നു മൂളി ....
മ് മ് ....

വായുവിനെ വകഞ്ഞ് മാറ്റിയ ചൂട്ട് സരള ചേട്ടത്തിയ്ക്ക് വഴിയൊരുക്കി. കനാലിന്റെ ഓരത്തുള്ള വീട്ടിലേയ്ക്ക് സരളയെത്തുമ്പോൾ കെട്ടു പ്രായം കഴിഞ്ഞ പെൺമക്കൾ ചാളക്കറിയുണ്ടാക്കുന്ന തിരക്കിലായിരുന്നു. തിണ്ണയിൽ പരിഭവം പേറിയ ചിമ്മിണി



പുരുഷ ശബ്ദം . അത്തി മുറ്റത്തെ അശോകനാണ്.

"അല്ല ചേടത്തിയെ വീട്ടിലോട്ട് ഒന്നും കാണാറില്ലല്ലോ. അമ്മ തിരക്കീട്ടോ.....

കത്തുന്നു. കനാലിന്റെ ഓരത്തെ വീടാണ് സരളച്ചേടത്തിയു ടേതെങ്കിലും അത് തീവണ്ടിക്കു സമാനമായി നിലനിന്നിരുന്ന ഓലപ്പെരകളുടെ കൂട്ടത്തിൽ പെടാതെ 5 സെന്റ് ഭൂമിയിൽ തെറിച്ചു നിന്നു. വന്നു കയറിയ ചേടത്തിയെ വകവയ്ക്കാത്ത അവരുടെ ഭർത്താവ് ബീഡിപ്പുക സൃഷ്ടിച്ച ഒരു ലോകത്തിനുള്ളിൽ പെട്ടിരുന്നു.....

അധികം സംസാരിക്കാത്ത അയാൾ, അത്താഴത്തിനുള്ള വകയൊരുക്കി കൊടുത്ത് . പ്രാരാബ്ധം ചിന്തിച്ച് ബീഡി കൊളുത്തി, പുകയാഞ്ഞു വലിച്ച് ഉമ്മറത്തേയ്ക്ക് കാർക്കിച്ച് തുപ്പി ക്കൊണ്ട് കാലം കഴിക്കുന്നതിൽ എന്നത്തെ പോലെ അന്നും വ്യാപൃതനായിരുന്നു....

ചേടത്തിയെ അരണ്ട വെട്ടത്തിൽ കണ്ട പെൺമക്കൾ ഒരേ സ്വരത്തിൽ പറഞ്ഞു.

ഓ വന്നോ, ഇന്നെന്താ നേരത്തെ എഴുന്നള്ളിയത് .....?

നിറയെ ചെമ്മൺ പാതകൾ നിറഞ്ഞ നാട്ടുകാഴ്ചകളുള്ള ചെറിയൊരാഗ്രാമത്തിന്റെ ഒരു കൈ പുസ്തകമായിരുന്നു ചേടത്തി. ഗ്രാമത്തിന്റെ ചെമ്മൺ ഞരമ്പുകളിലൂടെ തടിച്ച് തുങ്ങിയ മാറിടങ്ങളും , പൊക്കിളിനു താഴെ

ഉറപ്പിച്ച കള്ളിമുണ്ടും അതിനടിയിൽ കോണകവും ചുറ്റിയ പെണ്ണൊരുത്തി ....
വേരില്ലാത്ത വാക്കുകളിലൂടെ അന്യർക്കു മുൻപിൽ ആശ്ചര്യമായി മാറിയവർ ....
വേരില്ലാത്ത വാക്കുകൾ എന്നു ദ്ദേശിച്ചത്
പരദൂഷണത്തെയാണ്.
ആ കല പരിശീലിച്ച് പയറ്റുന്നവരോട് ചോദിക്കാൻ ചെന്നാൽ
ഞാൻ അറിഞ്ഞിട്ടില്ല
ഞാൻ പറഞ്ഞിട്ടില്ല എന്ന ദ്വിതീയാക്ഷരപ്രാസമുറപ്പിച്ച് അവർ നിമിഷ നേരത്തിൽ നിറം മാറിക്കളയും ......

എങ്കിലും അവരാ ഗ്രാമത്തിന്റെ നെഞ്ചിടിപ്പായിരുന്നു.
ചെമ്മൺ പാതയോരത്തെ വീടുകളുടെ വരാന്തകളിൽ അവർക്കിരിക്കാനുള്ള പായയും കട്ടൻ ചായയും ഒരുക്കി വെച്ചാൽ, കേൾവിക്കാർക്കു മുൻപിൽ ശോഷിച്ച കാലുകൾ നീട്ടി
പരദൂഷണത്തിന്റെ പൂങ്കാവനമായി മാറാൻ അവർക്കാവും ...
അവരുടെ
വർത്തമാനക്കെട്ടിൽ,
വയറു കാണാൻ വന്നതും , വയസറിയിച്ചതും,
അവിഹിത കഥകളുമെല്ലാം ......
കെട്ടഴിയാൻ വെമ്പി കേൾവിക്കാരെ കാത്തിരിക്കും.
ചില വീടുകളിൽ ആ സംഭാഷണ പരമ്പര മൂന്നു നാഴികയോളം നീളും. ചില പെണ്ണുങ്ങൾ കേട്ട കുശുമ്പിൽ കരളു കുതിർന്ന് , വീണ്ടും ചേടത്തിയ്ക്കായി കട്ടൻ വാഗ്ദാനം ചെയ്യും.
ചൂട്ടുമായി ഇറങ്ങുമ്പോൾ
ഒരുണക്ക നാളികേരമെങ്കിലും ഒപ്പിക്കാൻ ചേടത്തി മറക്കാറില്ല.....

ചിലപ്പോൾ അവർ വീടുകളിൽ ഓലമെടയും. കാലുകൾ മടക്കി, കുശുമ്പിന്റെ മടക്കുകൾ തീർത്ത് മെടഞ്ഞ് തീർത്ത പല ഓലകളും പാതയോരത്തെ വേലിക്കെട്ടുകളിലെ തലതെറിച്ച പല കൊന്നത്തറികളെയും അച്ചടക്കം പഠിപ്പിക്കാറുണ്ട്.

ചിലപ്പോൾ ചേടത്തി മുഷിഞ്ഞ പ്ലാസ്റ്റിക് സഞ്ചിയിൽ പോകുന്ന വഴിയിൽ ശാഖകൾ വിടർത്തി റോഡിനോ പറമ്പിനോ അവകാശിയെന്ന മട്ടിൽ സംശയിച്ച നിൽക്കുന്ന കുടപ്പുളി മരത്തിലെ ഉരുളൻ പുളികളെ കൈയിലൊതുക്കും. ചില നേരങ്ങളിൽ കശുമാങ്ങയുടെ കഴുത്ത് തിരിച്ച് കശുവണ്ടി പറക്കിയെടുക്കും.

ചേടത്തിയിങ്ങനെ
കാലുകൾ നീട്ടി വർത്തമാനം പറയുമ്പോൾ വീടിന്റെ കഴുക്കോലുകൾക്കിടയിൽ നിന്ന് പല്ലികൾ ചിലയ്ക്കും. താൻ പറഞ്ഞത് ശരിയല്ലേന്ന് മുകളിലേയ്ക്ക് ചൂണ്ടി ചേടത്തി പുഴു പല്ല് കാണിക്കുമ്പോൾ .
പല്ലികളും അവരും തമ്മിൽ രഹസ്യ ധാരണയിലേർപ്പെട്ടിട്ടുണ്ടോ എന്ന് വരെ തോന്നിപ്പോവും ....

ചേടത്തീ, കയറി വാ
ഒരു കട്ടൻ കുടിക്കാം എന്നു പറഞ്ഞാൽ വാർത്തകളില്ലെങ്കിൽ പോലും അവർ . അവരോട് തല്ലി പിരിഞ്ഞ് ഒറ്റയ്ക്ക് പാർക്കുന്ന മൂത്ത മകനെയും ഭാര്യയെയും പര ദൂഷണത്തിന്റെ ചതുരംഗപലകയിൽ

കരുക്കളായി നിർത്തും.
മരുമകളുടെ വീട്ടുകാർ
കൊണ്ടുവന്ന ഉള്ളു വേവാത്ത ഉണ്ണിയപ്പം വരെ അവിടെ കഥാപാത്രങ്ങളാവും.
ഇതിനിടയിൽ ചേടത്തിക്കു ചുറ്റും അവലോസുപൊടിയും
അരിയുണ്ടയുമെല്ലാം ദക്ഷിണ പോലെ നിരത്തി കേൾവിക്കാരായ പെണ്ണുങ്ങൾ കട്ടിളപ്പടിയിൽ ചാരിയിരിക്കും....

കുശുമ്പിന്റെ വിത്ത് മുളപ്പിക്കുന്ന അവരിലൂടെ രണ്ടാൺ മക്കളും മൂന്നു പെൺമക്കളും ഭൂമിയുടെ അവകാശികളായി പിറന്നുവീണു.
പെൺമക്കൾ തലയും മുലയും വളർന്നതിനെക്കുറിച്ച് ആധി പൂരളാത്ത ചേടത്തി, ആ ഗ്രാമത്തിന്റെ വേരില്ലാക്കഥകളുടെ കൂട്ടുകാരിയുമായി ....
മകനൊരുത്തനെ ഉത്തരവാദിത്വബോധം പഠിപ്പിക്കാതെ ഊട്ടിയും ഉറക്കിയും വീടിന്റെ ഒറ്റമുറിയിൽ വളർത്തിയെടുത്തു.

അന്ന് വൈകീട്ട് ചൂട്ട് തെളിയിച്ചിറങ്ങുമ്പോൾ , തെക്കേലെ ദേവസിയുടെ ഭാര്യ ആനി ഉടുത്തൊരുങ്ങി ഇരുട്ടിലൂടെ പോകുന്നത് ചൂട്ടിന്റെ വെളിച്ചത്തിൽ കണ്ടു. പിറ്റെ ദിവസത്തെ ചേടത്തി യുടെ കഥകളിൽ ആനിപ്പെണ്ണ് പല നിറമാർന്നാടി. കേട്ടവർ മൂക്കത്ത് വിരൽ വെച്ചു.

അന്ന് വൈകീട്ട് അശോകൻ ചേടത്തിയെ പാടത്തെ വരമ്പിൽ വെച്ച് കണ്ടപ്പോൾ . ആനിയെ
ലോഡ്ജിൽ നിന്ന് അറസ്റ്റ് ചെയ്ത വിവരം പറഞ്ഞപ്പോൾ .
ചേടത്തി ഉള്ളാലൊന്നു ചിരിച്ചു. അവരുടെ ചിന്തകൾ ശരിവെയ്ക്കും വണ്ണം കുറ്റിക്കാടിൽ നിന്നും ഒരു പല്ലി ചിലച്ചു.

ചൂട്ട് കെടുത്തി കേട്ട
വർത്തമാനം ചൂടാറാതെ തിണ്ണയിൽ ബീഡി പുകയിലൊളിച്ചിരുന്ന
ഭർത്താവിനോട്
കേട്ടില്ലേ അവളെ അറസ്റ്റ് ചെയ്തെന്ന്
പിഴച്ചവൾ . കൂടെയുള്ളവൻ ആരാണാവോ ....?

യാഥാർത്ഥ്യത്തെ കാർക്കിച്ച് തുപ്പി അയാൾ മൊഴിഞ്ഞു.
നിന്റെ മോൻ . അല്ലാതാര് . മറഞ്ഞ ബീഡി പുകയിൽ ചേടത്തിയുടെ മുഖം അയാൾക്കു കാണാനായില്ല.....!

കുറച്ചു കാലങ്ങൾ പിന്നെയാ പാതയോരത്തെ വീട്ടിലെ പുൽപായകൾ നിവരാതെ, ഇരുന്നു.
കഴുക്കോലിലെ പല്ലികൾ വരെ ഒന്ന് ചിലയ്ക്കാൻ കൊതിച്ചു ......
ഇരുട്ടിലെ ഒറ്റയടി പാതകൾ വെളിച്ചത്തിന്റെ സ്വർണ്ണ തരികൾ ഉതിർക്കുന്ന ചൂട്ടിനെ സ്വപ്നം കണ്ടു ...

.... Sumi

# വേദം

മനുഷ്യന്റെയും മറ്റ ജീവജാലങ്ങളുടെയും അടിസ്ഥാന വികാരമാണ് വിശപ്പ്'. യൂസഫലി കച്ചേരി എഴുതിയ പ്രശസ്തമായ കവിതയാണ് വേദം.കവി വളരെ കൃത്യമായി പറയുന്നുണ്ട് അന്നൊക്കെ ആ നാട്ടിലെ ഭൂരിജനങ്ങൾക്കും അന്നമൊരു സ്വപ്നമായിരുന്നു സ്വാതന്ത്ര്യത്തിനു മുൻപ് ഇന്ത്യ ബ്രിട്ടീഷുകാരുടെ ഭരണത്തിനു കീഴിലായിരുന്നു ആ കാലഘട്ടത്തിലാണെങ്കിൽ നാടെങ്ങും പട്ടിണിയും ദാരിദ്ര്യവുമായിരുന്നു ഇതിനു പുറമേ രണ്ടാം ലോകമഹായുദ്ധത്തിൻ്റെ കെടുതികളും ജനങ്ങളെ കൂടുതൽ കഷ്ടത്തിലാഴ്ത്തി. മകൻ്റെ മുൻപിൽ മാതൃകയാവുന്ന ഉമ്മയാണ് കവിതയിലെ പ്രധാന കഥാപാത്രം. മറ്റുള്ളവരുടെ വേദനകൾ സ്വന്തം വേദനയായി കാണുന്ന ഉമ്മയുടെ മനോഭാവമാണ് ഇവിടെ തെളിയുന്നത്. ഒരു പാട് അറിവുകൾ നമുക്ക് പകർന്ന് തരുന്നതാണ് വേദം ഉമ്മയുടെ വേദം വിശപ്പാണ്. വിശപ്പെന്ന വേദന അറിഞ്ഞാൽ മറ്റെല്ലാം അറിയാൻ കഴിയുമെന്ന് ഉമ്മ പറയുന്നു. വിശക്കുന്നവന് ആഹാരം നൽകുന്നതിലും വലിയ പുണ്യം വേറെയില്ല എന്ന് ഉമ്മ വിശ്വസിച്ചിരുന്നു അന്നദാനം മാഹാ ദാനം എന്നാണല്ലോ. വിശക്കുന്ന വയറുമായി അന്നം തേടി അലയുന്നവരിൽ നമുക്ക് പടച്ചവനെ കാണാൻ സാധിക്കും എന്ന് മകനോട് പറയുന്നു ചുറ്റുമുള്ളവരുടെ വേദനകളും കഷ്ടപ്പാടും കാണുന്നവർക്ക് മാത്രമേ ദൈവത്തേ കാണാൻ കഴിയൂ എന്ന മഹത്തായ പാഠമാണ് അവർ പഠിപ്പിക്കുന്നത് ഏത് മഹത്ഗന്ഥത്തിൽ നിന്നുള്ള അറിവിനേക്കാളും വലുതാണ് ആ പാഠം മകനുണ്ടായ തിരിച്ചറിവിൽ ഉമ്മ വളരെയധികം സന്തോഷിച്ചിരുന്നു ഇക്കാലത്ത് ഭക്ഷണം പാഴാക്കാതെ ഉപയോഗിക്കുന്നവർ വളരെ കുറവാണ് നിങ്ങൾ ചെയ്യുന്നത് ഒരു മഹാപാപമാണ് ഓർത്ത് കൊള്ളുക എത്രമാത്രം ഭക്ഷണം ഒരു ദിവസം ഈ കൊച്ചു കേരളത്തിൽ തന്നെ പാഴാവുന്നുണ്ട് അങ്ങനെയെങ്കിൽ ഒരു ദിവസം ലോകത്ത് എത്രത്തോളം ഭക്ഷണം പാഴാക്കുന്നു.



KRIPA KANNAN
8 A

# The power of Respect

*Once there was a girl named Bella,who lived in a small town. Bella believed in the power of "give respect,take respect." She treated everyone  she met with kindness and respect,regardless of their age or background. One day Bella encounter a grumpy old man who was always rude to others. Instead of reacting with anger, Bella continued to treat him with respect and kindness. Gradually the old man's behavior started to change. He realized the impact of Bella's respectful attitude and begans treating others with kindness as well.*




Azza Ashraf
6B

ഞാൻ

വേരിലുണ്ട്.

കായിലില്ല

തണ്ടിലുണ്ട്

പൂവിലില്ല

മരത്തിലുണ്ട്

മനുഷ്യനില്ല

മരമൊത്തിരി വളരും

മനുഷ്യനിത്തിരി വളരും

മരമൊത്തിരി വേഗം വളരും

മനുഷ്യനിത്തിരി
പയ്യെ വളരും

ഇതിനും കാരണം
ഞാനാണേ

എന്നുടെ പേര്
പറയാമോ?



മെരിസ്റ്റം

RASHID C R
X A

# പഴഞ്ചൊല്ലുകൾ

- അകത്ത് രോമം പുറത്ത് കത്തി
- അകത്തെ അഴുക്ക് പുറത്തറിയാം
- അകലത്തെ ബന്ധുവിനെക്കാൾ അരികത്തെ ശത്രു നല്ലത്
- അകിട്ടു ചെത്തിയാൽ പാല് കിട്ടുമോ
- അച്ചി കടിച്ചതേ കൊച്ചു കുടിക്കൂ
- അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന് തഴമ്പുണ്ടാകുമോ?
- എല്ലുമുറിയെ പണി ചെയ്താൽ പല്ലു മുറിയേ തിന്നാം
- മുളയിൽ അറിയാം വിള
- നിലമറിഞ്ഞു വിത്ത് ഇടണം
- വിള പുറത്തിട്ട് വേലി കെട്ടരുത്
- പുകഞ്ഞ കൊള്ളി പുറത്ത്
- തന്നത്താൻ അറിഞ്ഞില്ലെങ്കിൽ പിന്നത്താൻ അറിയും
- അന്ന വിചാരം മുന്ന വിചാരം
- ഞാറുറച്ചാൽ ചോറുറച്ചു
- അത്താഴം ചെന്നാൽ പത്തായം നിറയും

കീർത്തന V. S
V B

# കുസൃതി ചോദ്യം

**തിരിച്ചിട്ടാൽ വലുതാകുന്നതും മറച്ചിട്ടാൽ ചെറുതാകുന്നതും എന്ത്**

ഉത്തരം-9

**വെള്ളത്തിൽ നീന്തുന്ന മീനിനെ പിടിച്ച് കരയിലിട്ടാൽ എന്തു പറ്റും**

ഉത്തരം- മണ്ണു പറ്റും

**തല തിരിഞ്ഞവൾ ആര്?**

ഉത്തരം- ലത

**തിന്നാൻ കഴിയുന്ന ആണി**

ഉത്തരം- ബിരിയാണി

**തേനീച്ച മൂളുന്നതെന്തുകൊണ്ട്?**

ഉത്തരം- അതിന് സംസാരിക്കാൻ അറിയാത്തതുകൊണ്ട്

**പേരിൽ വളയുള്ള ജീവി?**

ഉത്തരം- തവള

**തവളയ്ക്ക് മുന്നിലും കഴുതയ്ക്ക് പിന്നിലും ഉള്ളതെന്ത്**

ഉത്തരം- ത

**കിണറിലേക്ക് കല്ലെറിഞ്ഞാൽ താഴ്ന്ന പോകുന്നത് എന്തുകൊണ്ട്**

ഉത്തരം- കല്ലിന് നീന്താൻ അറിയാത്തതുകൊണ്ട്

അനന്തു
7A

# നമുക്കും
# വരക്കാം





MUH.RASSAL 7 A



മയൂഖ 5A






ADHARV
7 A





SMIJ



Baina nizar

Key to Success

Failure is the first step to success. We need determination and positive mind to achieve success. We should not be afraid of anything. We should not give up hope even if there are difficulties and problems in getting success. We should believe in ourselves and work hard till we attain success. Every successful individual will have a story of hardwork to share. One should realize that it takes lots of effort to be successful in life. So hard work and positive thinking are the two essential factors in achieving success.






# ശുഭം